4 ഡിസംബർ 2017

## പത്രക്കുറിപ്പ് 1

# ഓഖി ദുരന്തം: ഐ.എഫ്.എഫ്.കെയുടെ ഉദ്ഘാടനച്ചടങ്ങും അനുബന്ധ പരിപാടികളും ഒഴിവാക്കും

ഓഖി ചുഴലിക്കാറ്റ് ദുരന്തം വിതച്ചതിന്റെ പശ്ചാത്തലത്തിൽ ദുരിതബാധിതരുടെ വേദനയിൽ പങ്കുചേർന്നുകൊണ്ട് 22-ാമത് രാജ്യാന്തര ചലച്ചിത്രമേളയുടെ ഔപചാരികമായ ഉദ്ഘാടനച്ചടങ്ങും അനുബന്ധ പരിപാടികളും ഒഴിവാക്കാൻ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി തീരുമാനിച്ചു. മേളയോടനുബന്ധിച്ച് മുഖ്യവേദിയായ ടാഗോർ തിയറ്ററിൽ നടത്താനിരുന്ന സാംസ്കാരിക പരിപാടികളും റദ്ദാക്കിയിട്ടുണ്ട്. സിനിമകളുടെ പ്രദർശനം നിശ്ചയിച്ചതുപ്രകാരം നടക്കും. ഡിസംബർ എട്ടിന് വൈകുന്നേരം ഉദ്ഘാടന ചിത്രമായ ഇൻസൾട്ട് നിശാഗന്ധിയിൽ പ്രദർശിപ്പിക്കും.

# 1000 അധിക പാസുകൾ: ഡെലിഗേറ്റ് രജിസ്ട്രേഷൻ ഇന്ന് (ഡിസംബർ 5)

22-ാമത് രാജ്യാന്തര ചലച്ചിത്രമേളയിൽ പങ്കെടുക്കാൻ അധികമായി അനുവദിച്ച 1000 പാസുകൾക്കു വേണ്ടിയുള്ള ഡെലിഗേറ്റ് രജിസ്ട്രേഷൻ ഡിസംബർ 5 ചൊവ്വാഴ്ച രാവിലെ 11 മണി മുതൽ ആരംഭിക്കും. നേരത്തെ യൂസർ അക്കൗണ്ട് തുറന്നവർക്ക് അതേ യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് രജിസ്ട്രേഷൻ നടത്താവുന്നതാണ്. സംസ്ഥാനത്തെ 2700 ഓളം വരുന്ന അക്ഷയ ഇ-കേന്ദ്രങ്ങളിലും ഓൺലൈൻ രജിസ്ട്രേഷനും ഓൺലൈൻ പേയ്മെൻറിനും സൗകര്യമൊരുക്കിയിട്ടുണ്ട്.

ഡെലിഗേറ്റ് പാസുകളുടെ വിതരണം ഡിസംബർ 6 ബുധനാഴ്ച രാവിലെ 11 മണി മുതൽ മുഖ്യവേദിയായ ടാഗോർ തിയറ്ററിൽ ആരംഭിക്കും.

(തുടരും)

Organised by Kerala State Chalachitra Academy
on behalf of Dept. of Cultural Affairs, Govt. of Kerala

Mob : 8547976353, 9544917693
email:mediacell@iffk.in